# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :7765      15.7.2014-ൽ മറുപടിയ്ക്ക്

### സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി നട്ടുപിടിപ്പിക്കുന്ന ഫലവൃക്ഷത്തൈകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി ഏതെല്ലാം ഫലവൃക്ഷത്തൈകളാണ് നട്ടുപിടിപ്പിക്കുന്നത് ; വിശദമാക്കുമോ ? | എ) ഹരിതകേരളം, ഹരിതശ്രീ, കുട്ടനാട് പാക്കേജ്, തണ്ണീർത്തട സംരക്ഷണ പദ്ധതി എന്നിങ്ങനെയുള്ള വിവിധ പദ്ധതികളിലുൾപ്പെടുത്തി വിദ്യാർത്ഥികൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, പൊതുജനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, മതസ്ഥാപനങ്ങൾ, പത്രമാധ്യമങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, റെയിൽവേ, നേവി, ആർമി, യുവജന- രാഷ്ട്രീയ സംഘടനകൾ എന്നിവർ മുഖേന നട്ടുപിടിപ്പിക്കുന്നതിലേയ്ക്കായി ഏകദേശം 75- ഓളം ഇനത്തിൽപ്പെട്ട വൃക്ഷത്തൈകൾ സാമൂഹ്യവനവൽക്കരണ വിഭാഗം വിതരണം ചെയ്തുവരുന്നു. ഇതിൽ ആഞ്ഞിലി, അമ്പഴം, ബദാം, കൂവളം, കുടംപുളി, കുളമാവ്, മരോട്ടി, മാതളം, മാവ്, പ്ലാവ്, മുരിങ്ങ, നെല്ലി, ഞാവൽ, പപ്പായ, പേര, പുളി, പുന്ന, റംബൂട്ടാൻ, സീതപ്പഴം, താന്നി, വേപ്പ്, വുഡ്ആപ്പിൾ എന്നീ ഫല വൃക്ഷത്തൈകളും ഉൾപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ